പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 722

28.02.2017 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന്റെ മദ്യവിൽപ്പന കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ്<br>" അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയപാതയോരത്തും സംസ്ഥാന പാതയോരത്തും പ്രവർത്തിക്കുന്ന മദ്യവിൽപ്പന കേന്ദ്രങ്ങൾ അടച്ചുപൂട്ടണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡിന്റെ എത്ര മദ്യവില്പനശാലകൾ ഇതുവരെ മാറ്റി സ്ഥാപിച്ചുവെന്ന് വിശദമാക്കുമോ; | (എ) | ദേശീയപാതയോരത്തും, സംസ്ഥാന പാതയോരത്തും പ്രവർത്തിക്കുന്ന മദ്യവിൽപ്പന കേന്ദ്രങ്ങൾ അടച്ച് പൂട്ടണമെന്ന സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡിന്റെ എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്തെ ഒരു മദ്യ ഷോപ്പ് മാറ്റി സ്ഥാപിച്ചു. |
| (ബി) | കൺസ്യൂമർ ഫെഡിന്റെ മദ്യവില്പന ശാലകൾ പുതിയ സ്ഥലത്തേക്ക് മാറ്റുന്ന വേളയിൽ ഏതൊക്കെ സ്ഥലങ്ങളിൽ പൊതുജനങ്ങളിൽ നിന്നും എതിർപ്പുണ്ടായിയെന്നും എതിർപ്പിനെ തുടർന്ന് മാറ്റി സ്ഥാപിച്ച ഏതെങ്കിലും മദ്യവില്പന ശാലകൾ അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടായോയെന്നും വിശദമാക്കുമോ; | (ബി) | പൊതു ജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ഇടുക്കി ജില്ലയിലെ തൊടുപുഴ, അടിമാലി എന്നീ ഷോപ്പുകളും, തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട ഷോപ്പും മാറ്റി സ്ഥാപിച്ച സ്ഥലങ്ങളിൽ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. |
| (സി) | മദ്യവർജ്ജനമാണ് സർക്കാരിന്റെ നയമെന്നിരിക്കെ മദ്യവില്പനശാലകൾ പുതിയ സ്ഥലത്ത് തുറക്കാതെ അടച്ചുപൂട്ടുന്നതിനുള്ള നടപടി കൈക്കൊള്ളുമോയെന്ന് വിശദമാക്കുമോ? | (സി) | സർക്കാരിന്റെ മദ്യനയത്തിനനുസൃതമായി ഇക്കാര്യത്തിൽ യഥാസമയം ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ